പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 22

# 2016-ലെ കേരള ബ്രോക്കർ ക്ഷേമനിധി ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.
നോട്ടീസ് നൽകിയത്)

834/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 22

# 2016-ലെ കേരള ബ്രോക്കർ ക്ഷേമനിധി ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ. നോട്ടീസ് നൽകിയത്)

## കേരള സംസ്ഥാനത്തെ വസ്തു, വാഹനങ്ങൾ, വിവാഹം എന്നീ മേഖലകളിൽ ബ്രോക്കർമാരായി ജോലി നോക്കുന്ന സ്ത്രീ-പുരുഷന്മാരുടെയും ആശ്രിതരുടെയും ജീവിതച്ചെലവ്, കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യപരിരക്ഷ എന്നിവ ഉറപ്പുവരുത്താൻ വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ എല്ലാ മേഖലകളിലുംപെട്ട ധാരാളം സ്ത്രീ-പുരുഷന്മാർ ബ്രോക്കർമാരായി ജോലി നോക്കുന്നുണ്ട്. ഇവർക്ക് ജോലിസ്ഥിരത ഇല്ലാത്തതുമൂലം നിരവധി ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. ഇവരുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് '2016-ലെ കേരള ബ്രോക്കർ ക്ഷേമനിധി ആക്റ്റ്' എന്ന് പേര് പറയാം.

(2) ഈ ആക്റ്റിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കും.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(സി) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു;

(ഡി) ''ക്ഷേമനിധി'' എന്നാൽ പ്രസ്തുത ഉദ്ദേശ്യലക്ഷ്യനിർവ്വഹണത്തിനായി സർക്കാർ രൂപീകരിക്കുന്ന ഒരു ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ഇ) ''ക്ഷേമനിധി ബോർഡ്'' എന്നാൽ വിവാഹം, വസ്തു, വാഹനങ്ങൾ എന്നീ മേഖലകളിൽ ബ്രോക്കർമാരായി ജോലി ചെയ്യുന്നവരുടെയും ആശ്രിതരുടെയും ക്ഷേമത്തിനും മെച്ചപ്പെട്ട ജീവിതാവസ്ഥയ്ക്കുംവേണ്ടി യുക്തമായ നടപടികൾ ആലോചിച്ച് കൈക്കൊള്ളുവാനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിലേക്ക് യഥാസമയം സമർപ്പിക്കുവാനും അധികാരപ്പെട്ട കേന്ദ്രം എന്നർത്ഥമാകുന്നു;

(എഫ്) ''ബ്രോക്കർ'' എന്നാൽ വസ്തു, വാഹനങ്ങൾ, വിവാഹം തുടങ്ങിയ മേഖലകളിൽ അഞ്ച് വർഷമായി പ്രവർത്തിച്ചുവരുന്നതും നിർണ്ണയിക്കപ്പെട്ട ചട്ടപ്രകാരമുള്ള രീതിയിൽ രജിസ്ട്രേഷൻ നേടിയ വ്യക്തി എന്ന് അർത്ഥമാകുന്നു.

3. ക്ഷേമനിധി ബോർഡ് രൂപീകരണം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി നിശ്ചിത ബ്രോക്കർ ക്ഷേമനിധി ബോർഡ് എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്:

(എ) ചെയർമാൻ;

(ബി) തൊഴിൽ/സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറിമാർ;

(സി) കാര്യനിർവ്വഹണത്തിനുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ;

(ഡി) വസ്തു, വാഹനങ്ങൾ, വിവാഹം തുടങ്ങിയ മേഖലകളിൽ ബ്രോക്കർമാരായി പ്രവർത്തിച്ചു പരിചയമുള്ള ഓരോ വ്യക്തികൾ (ആകെ മൂന്ന്);

(ഇ) ധനകാര്യ വകുപ്പിന്റെ പ്രതിനിധി;

(എഫ്) നിയമ വകുപ്പിന്റെ പ്രതിനിധി.

4. ബോർഡിന്റെ കർത്തവ്യങ്ങൾ.—(1) ക്ഷേമനിധി ബോർഡ് അഥവാ സമിതിയുടെ പ്രവർത്തനത്തിന് ഉദ്യോഗസ്ഥൻമാർ ഉൾപ്പെടെയുള്ളവരുടെ നിയമനം സർക്കാർ ചട്ടപ്രകാരം നടത്തേണ്ടതാണ്.

(2) ക്ഷേമനിധി ബോർഡിന് ജില്ലാടിസ്ഥാനത്തിൽ സമിതികൾ രൂപീകരിക്കേണ്ടതാണ്. ജില്ലാ ലേബർ ആഫീസറുടെ അദ്ധ്യക്ഷതയിൽ സാമൂഹ്യക്ഷേമ വകുപ്പ് ആഫീസർ, സർക്കാർ നിർദ്ദേശിക്കുന്ന മറ്റംഗങ്ങൾ എന്നിവർ സമിതിയിൽ അംഗങ്ങളായിരിക്കും.

(3) ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ജില്ലാടിസ്ഥാനത്തിൽ ഉത്ഭവിക്കുവാൻ സാധ്യതയുള്ള തർക്കങ്ങളും പ്രശ്നങ്ങളും ഈ സമിതിയിൽ പരിഹരിക്കേണ്ടതാണ്.

(4) സംസ്ഥാന ക്ഷേമനിധി ബോർഡ് ആയിരിക്കും പ്രസ്തുത സമിതിയുടെ അപ്പലേറ്റ് അതോറിറ്റി.

5. ബോർഡിന്റെ കർത്തവ്യങ്ങൾ.—(1) വിവിധ മേഖലകളിൽ ബ്രോക്കർമാരായി ജോലി നോക്കുന്നവരുടെയും അവരുടെ ആശ്രിതരുടെയും വിദ്യാഭ്യാസം, വിവാഹം, ആരോഗ്യപരിരക്ഷ, മരണാനന്തരസഹായം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക.

(2) മേൽപ്പറഞ്ഞ മേഖലകളിൽപ്പെടുന്ന എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

(3) ക്ഷേമനിധിയുടെ പ്രവർത്തനത്തിന് സഹായകരമല്ലാത്ത നിലപാടുകൾ എവിടെനിന്നെങ്കിലും ഉണ്ടായാൽ അതിൽ ഇടപെടാനും നിയമപരമായ പരിഹാരം കാണുവാനും എല്ലാ അധികാരവും അവകാശവും ക്ഷേമനിധി ബോർഡിന് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ബോർഡിന്റെ തീരുമാനം അന്തിമമായിരിക്കും.

(4) ബ്രോക്കർമാർക്ക് പെൻഷൻ, മക്കളുടെ വിദ്യാഭ്യാസം, വിവാഹം, കുടുംബാംഗങ്ങളുടെ ആരോഗ്യപരിരക്ഷ എന്നിവയ്ക്ക് മുൻഗണന നൽകി അവതരിപ്പിക്കുന്ന ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

(5) ബ്രോക്കർമാരായി പ്രവർത്തിക്കുന്നവരിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള വിഹിതം, സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സ്വരൂപീകരിക്കുന്ന ക്ഷേമനിധി ഫണ്ട്, മറ്റ് സാമ്പത്തിക വരുമാനമാർഗ്ഗങ്ങൾ എന്നിവയിലൂടെയായിരിക്കണം ക്ഷേമനിധി ബോർഡിന്റെ കാലാകാലങ്ങളിലുള്ള പ്രവർത്തനം നടത്തേണ്ടത്.

(6) ക്ഷേമനിധിയിൽ അംഗങ്ങളായ ബ്രോക്കർമാർക്ക് മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉണ്ടാകുവാൻ പാടില്ലാത്തതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് വസ്തു, വാഹനങ്ങൾ, വിവാഹം എന്നീ മേഖലകളിൽ ലക്ഷക്കണക്കിന് സ്ത്രീ-പുരുഷന്മാർ ബ്രോക്കർമാരായി പ്രവർത്തിച്ചുവരുന്നു. പലർക്കും ലഭിക്കുന്ന വേതനം കൊണ്ട് ജീവിതച്ചെലവും കുട്ടികളുടെ വിദ്യാഭ്യാസവും മറ്റ് ആരോഗ്യസംരക്ഷണ ചെലവുകളും നടത്തിക്കൊണ്ടുപോകുവാൻ ബുദ്ധിമുട്ടുകയാണ്. നമ്മുടെ നാട്ടിലെ പൗരൻമാർ എന്ന നിലയിൽ അവർക്ക് അന്തസ്സായും ആത്മാഭിമാനത്തോടെയും ജീവിക്കുവാൻ അവസരം ഉണ്ടാകേണ്ടതാണ് എന്നത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുവാനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് ക്ഷേമനിധി ബോർഡ് നിലവിൽവരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് എത്രമാത്രം സാമ്പത്തിക ബാധ്യത വരികയുള്ളൂ എന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. എന്നിരുന്നാലും പ്രാരംഭനടപടികൾക്കായി 25 ലക്ഷം രൂപ സഞ്ചിതനിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനും സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനും റദ്ദുചെയ്യുവാനും അംഗീകരിക്കുവാനുമുള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ള അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.